പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 682

29.06.2011-ൽ
മറുപടിയ്ക്ക്

## ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിലെ കാലതാമസം

ചോദ്യം
ശ്രീ. വി.പി. സജീന്ദ്രൻ

ഉത്തരം
ശ്രീ. വി.എസ്.ശിവകുമാർ
ബഹുമാനപ്പെട്ട ഗതാഗതവും, ദേവസ്വവും
വകുപ്പു മന്ത്രി.

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുവാൻ എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാർ ഇതുവരെ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ

(സി) മാസ്റ്റർ പ്ലാൻ എത് വർഷം പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) ശബരിമല വികസനത്തിനായി കേന്ദ്രസർക്കാർ എത്ര ഏക്കർ വനഭൂമി വിട്ടുതന്നുവെന്ന് വ്യക്തമാക്കാമോ?

(എ) (ബി) (സി) & (ഡി) ശബരിമലയും ചുറ്റുമുള്ള പരിസര പ്രദേശങ്ങളും തീർത്ഥാടകർക്ക് സൗകര്യപ്രദമായ രീതിയിൽ വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള ബൃഹത്തായ ഒരു പദ്ധതിയാണ് ശബരിമല മാസ്റ്റർ പ്ലാൻ ഘട്ടം ഘട്ടമായി 50 വർഷ കാലയളവു കൊണ്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണിത്. ഇത് നടപ്പിലാക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തിയിരുന്നെങ്കിലും ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് പദ്ധതിയുടെ നടത്തിപ്പിനു മേൽനോട്ടം നൽകുന്നതിനും ഉചിതമായ തീരുമാനങ്ങൾ വേഗത്തിൽ കൈക്കൊള്ളുന്നതിനും ദേവസ്വത്തിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും മറ്റംഗങ്ങളെ കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റും ചേർന്നുള്ള ഒരു ഹൈ പവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനാവശ്യമായ പണം സ്വരൂപിക്കുന്നതിന് ഒരു ട്രസ്റ്റും രൂപീകരിച്ചിട്ടുണ്ട്. പ്രധാനമായും സംഭാവനകളിലൂടെ ട്രസ്റ്റിനു ലഭിക്കുന്ന തുകയാണ് പദ്ധതി നടത്തിപ്പിന് വിനിയോഗിക്കുന്നത്. പണത്തിന്റെ

ലഭ്യത പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്ന ഒരു ഘടകമാണ്. പദ്ധതി നടത്തിപ്പിന് കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടില്ല. എന്നാൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് കേന്ദ്ര സർക്കാർ 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്, പദ്ധതിക്കുവേണ്ടി മുകളിൽ പറഞ്ഞ സാമ്പത്തിക സഹായം കൂടാതെ വനഭൂമി അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ആകെ 123.199 ഹെക്ടർ വനഭൂമി കേന്ദ്ര സർക്കാർ അനുവദിച്ചു തരികയും ചെയ്തിട്ടുണ്ട്.. പദ്ധതിയുടെ ഒന്നാം ഘട്ടം 2015 –ലും പദ്ധതി പൂർണ്ണമായും 2050–തോടുകൂടിയും പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്

Sd/-

സെക്ഷൻ ഓഫീസർ